LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ വി.എ. അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണങ്ങൾ ചുവടെ ചേർക്കുന്നു:

1. വി.ഇ.11/2013 എസ്.സി.ടി.

ശ്രീ. അരുൺ കുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ആലപ്പുഴ-ചേർത്തലയിൽ വെയർഹൗസ് നിർമ്മിച്ചതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ ഉത്തരവായ വിജിലൻസ് അന്വേഷണം (വി.ഇ.11/2013 എസ്.സി.ടി.) പൂർത്തിയാവുകയും പ്രസ്തുത വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ഒരു വിജിലൻസ് കേസ്, വി.സി.03/14 എസ്.സി.ടി എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത് കേസന്വേഷണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

2. വി.ഇ.02/2012/എസ്.ഐ.യു-II

ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായി മതിയായ യോഗ്യതയില്ലാത്ത ശ്രീ.വി.എ. അരുൺ കുമാറിനെ നിയമിച്ചതും തുടർന്ന് ഐ.സി.ടി അക്കാദമി (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി) ഡയറക്ടറായി നിയമിച്ചതും സംബന്ധിച്ച്, 8-3-2012 തീയതിയിലെ പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് വി.ഇ.02/2012/എസ്.ഐ.യു.II എന്ന അന്വേഷണം നടത്തുകയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി. 01/15 എസ്.ഐ.യു II എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ബി&സി) പ്രസ്തുത വിജിലൻസ് അന്വേഷണങ്ങൾ പുരോഗമന ഘട്ടത്തിലായതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ല.

മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ പോസ്റ്റൽ വോട്ട് കവർ പൊട്ടിച്ച സംഭവം

174 (3684) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-11-2015-ൽ മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് ടി.എൻ.പ്രതാപൻ, എം.എൽ.എ, ടി.യു.രാധാകൃഷ്ണൻ ,എക്സ്.എം.എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ

പോസ്റ്റൽ വോട്ടുകൾ കവർപൊട്ടിച്ച് തിരുത്തിയതും നശിപ്പിച്ചതുമായ പരാതിയിൻമേൽ നടന്നുവരുന്ന അന്വേഷണം ഏതു ഘട്ടത്തിലാണ്; പ്രസ്തുത കേസ്സിൽ ആരെയെല്ലാം പ്രതി ചേർത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് എ.ഡി.എം. സമർപ്പിച്ചിട്ടുണ്ടോ; പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് മാള പോലീസ് സ്റ്റേഷൻ ക്രൈം നം. 1298/15 u/s 136(1) c, d, f, g & 2(a) Representation of People Act 1951, Sec. 138 Panchayath Raj Act 1994 & Sec. 3(1) of PDPP Act 1984 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ ഒന്നാം പ്രതിയായി എം.സി. പ്രദീപ്, രണ്ടാം പ്രതിയായി റ്റി.പി. സജീവൻ (ആരോഗ്യ വകുപ്പ്) എന്നിവരെ പ്രതി ചേർത്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ അന്വേഷണ ഘട്ടത്തിലാണ്.

(ബി) അന്വേഷണ റിപ്പോർട്ട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആന്റ് ഡെപ്യൂട്ടി കളക്ടർ (ജനറൽ) സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു. പരാതി ഉയർന്ന ദിവസംതന്നെ പോസ്റ്റൽ ബാലറ്റുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനായിരുന്ന മാള ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ഹെഡ് ക്ലർക്ക് ശ്രീ. എം.സി. പ്രദീപിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകൾ

175 (3685) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടവരുടേയും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെയും എണ്ണം വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എത്ര ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങളും പണമിടപാടുകാരും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly